"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല- അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.389/2026/LSGD തീയതി,തിരുവനന്തപുരം, 15-02-2026

---

പരാമർശം:-

1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31/5/2025 ലെ LSGD /PD /16372//2025/GEB2 തീയതി 31-5-2025 ലെ നടപടി ക്രമം .

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.09.2025-ലെ LSGD/PD/16372/2025-GEB2-നമ്പർ കത്ത്

ഉത്തരവ്

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനം 2010 മോഡൽ KL-41-D-1328-നമ്പർ മഹീന്ദ്ര ബൊലേറോ വാഹനം 2,41,072 കിലോമീറ്റർ സഞ്ചരിച്ചിട്ടുള്ളതിനാലും , ടി വാഹനം അറ്റകുറ്റപ്പണി നടത്തി ഉപയോഗിയ്ക്കുന്നത് ലാഭകരമല്ലായെന്ന് പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലും, ടി വാഹനത്തിന് 80,000/- രൂപ മൂല്യം നിശ്ചയിച്ച് നൽകിയതിനാലും ടി വാഹനം ലേലം ചെയ്യുന്നതിന് പരാമർശം (1) ലെ നടപടിക്രമം പ്രകാരം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ അനുമതി നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 13 ലക്ഷം രൂപ ചെലവഴിച്ച് GEM പോർട്ടൽ മുഖേനെ പുതിയ വാഹനം വാങ്ങുന്നതിന് പദ്ധതി തയാറാക്കിയിട്ടുണ്ടെന്നും, എന്നാൽ സർക്കാർ ഓഫീസുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പുതിയ വാഹനം വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും 13 ലക്ഷം രൂപ ചെലവഴിച്ച് GEM പോർട്ടൽ മുഖേനെ പുതിയ വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ ലേലം ചെയ്ത ഔദ്യോഗിക വാഹനമായ 2010 മോഡൽ KL-41-D-1328 മഹീന്ദ്ര ബൊലേറോ വാഹനത്തിന് പകരമായി പഞ്ചായത്തിന്റെ വികസന ഫണ്ടിൽ നിന്നും **10 ലക്ഷം ( പത്ത് ലക്ഷം മാത്രം) രൂപയിൽ താഴെ വിലയുള്ള ഒരു വാഹനം** വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്.(E:3339699/DEV-3/329/2025-Fin dated 19.01.2026)
5. സെക്രട്ടറി, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്, എറണാകുളം.
6. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.
7. ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം
8. കരുതൽ ഫയൽ. (DB2/731/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 15-02-2026 22:03:51